(ബി) എങ്കിൽ ഇതിനുവേണ്ടി സർക്കാർ എന്തെല്ലാം വിധത്തിലുള്ള പ്രോത്സാഹനം നല്കുന്നുണ്ട്;

(സി) മദ്യവർജ്ജനപ്രവർത്തനത്തിൽ ഏർപ്പെട്ടവരെ പോലീസ് മർദ്ദിച്ച സംഭവം ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പോലീസ് മർദ്ദനത്തിൽ എത്ര പേർക്ക് പരിക്കേറ്റു;

(ഡി) വ്യാജമദ്യം വില്ക്കുന്നതിനെതിരേ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) അതിന്റെ ഫലമായി വ്യാജമദ്യം കുറയ്ക്കുവാനോ ഇല്ലാതാക്കുവാനോ കഴിഞ്ഞുവോ എങ്കിൽ എത്രമാത്രം ഈ കാര്യത്തിൽ വിജയം വരിക്കുവാൻ സാധിച്ചിട്ടുണ്ട്?

ഉത്തരം

(എ) മദ്യവർജ്ജനത്തെ സർക്കാർ അനുകൂലിക്കുന്നുണ്ട്.

(ബി) 1999-2000 വർഷത്തിൽ മദ്യത്തിനെതിരായ പ്രചരണത്തിന് 20 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഇതിന്റെ നടത്തിപ്പിന് ആവശ്യമായ പദ്ധതി തയ്യാറാക്കി അയച്ചു തരുവാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി)&(ഇ) വ്യാജവാറ്റും കള്ളചാരായ വില്പനയും തടയുന്നതിന് ശക്തമായ റെയ്ഡുകളും പരിശോധനയും നടത്തിവരുന്നുണ്ട്. എല്ലാ അബ്കാരിഷോപ്പുകളും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വ്യാജമദ്യവും വാറ്റുപകരണങ്ങളും പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾക്ക് പിഴശിക്ഷ ഒരു ലക്ഷം രൂപയും തടവുശിക്ഷ പരമാവധി പത്തു വർഷമായും വർദ്ധിപ്പിച്ചിട്ടുണ്ട്. പോലീസ്,എക്സൈസ് റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ക്രൈം സ്റ്റോപ്പർ മുഖേന ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റവാളികൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനും പുറമെ ജില്ലാതലത്തിലും ബ്ലോക്കു തലത്തിലും ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

ഇതിന്റെ ഫലമായി വ്യാജമദ്യത്തിന്റെ ഉല്പാദനവും വില്പനയും പരമാവധി തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ 1998 വർഷത്തിൽ 3920 കേസ്സും 1999 മേയ്മാസം വരെ 1362 കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

25 (317) ചാരായ നിരോധനം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചാരായ നിരോധനം കർശനമാക്കണമെന്ന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വ്യാജചാരായ നിർമ്മാണവും വില്പനയും വർദ്ധിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കള്ളുഷാപ്പുകളിലൂടെ വ്യാജചാരായം വില്പന നടത്തുന്നതായി കണ്ടുപിടിച്ചിട്ടുണ്ടോ;

(ഡി) കള്ളുഷാപ്പുകളുടെ ലേലത്തുക വർദ്ധിക്കുന്നതനുസരിച്ച് വില്പനക്കാവശ്യമായ കള്ള് ഉൽപ്പാദിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) വ്യാജചാരായം വില്പന നടത്തുന്ന കള്ളുഷാപ്പുടമകളെ കണ്ടു പിടിച്ച് ശിക്ഷിക്കാൻ നടപടിയുണ്ടാകുമോ?

ഉത്തരം

(എ) ചാരായ നിരോധനം കർശനമായി തന്നെ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

26 (318) വ്യാജമദ്യ മാഫിയകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നടപടി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന ചാരായ നിരോധനം പിൻവലിക്കുന്നതിനോ, നിരോധന തീരുമാനം പുനഃപരിശോധിക്കുന്നതിനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനടിസ്ഥാനപരമായ കാരണങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റതിനുശേഷം വ്യാജമദ്യനിർമ്മാണവും വില്പനയും വൻതോതിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഇതുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ ഈ സർക്കാർ നിലവിൽ വന്നശേഷം ഉണ്ടായിട്ടുണ്ട് എന്നതിന്റെ വിശദവിവരം വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് വ്യാജമദ്യ മാഫിയകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly